**HADIA CSE Khutba Notes (18.08.2017)**

## ഇബ്രാഹീം നബി(അ)
## ഒരു ഖുർആനിക വായന

ലോകമുസ്‌ലിംകൾ ഇപ്പോൾ അബുൽ അമ്പിയാ എന്ന് വിളിക്കപ്പെടുന്ന ഇബ്റാഹീം നബി(അ)യെ അനുസ്മരിച്ച്കൊണ്ടിരിക്കുകയാണ്. എന്താണ് മറ്റു പ്രവാചകൻമാർക്കിടയിൽ നിന്ന് ഇബ്രാഹീം നബി(അ)യെ വ്യത്യസ്തനാക്കുന്നത്? ഖുർആനിലെ നൂറുകണക്കിന് ആയത്തുകൾ ഇതിന്റെ മറുപടി പറഞ്ഞുതരുന്നുണ്ട്. ഇവയുടെയെല്ലാം രത്നച്ചുരുക്കമാണ് സൂറത്തുന്നഹ്‌ലിലെ മൂന്നു ആയത്തുകൾ (120–122) എന്ന് പറയാം.

إِنَّ إِبْـرَاهِيمَ كَـانَ أُمَّـةً قَانِتًـا لِلَّـهِ حَنِيفًـا وَلَـمْ يَـكُ مِـنَ الْمُشْـرِكِينَ شَـاكِرًا لِأَنْعُمِـهِ اجْتَبَـاهُ وَهَـدَاهُ إِلَـى صِـرَاطٍ مُسْـتَقِيمٍ وَآتَيْنَاهُ فِي الدُّنْيَا حَسَنَةً وَإِنَّهُ فِي الْآخِرَةِ لَمِنَ الصَّالِحِينَ (النحل)

ആരായിരുന്നു ഇബ്രാഹീം നബി(അ) എന്ന് 9 വിശേഷണങ്ങളിലൂടെ അല്ലാഹു ഇവിടെ വരച്ചുകാണിക്കുന്നു.

ഒന്ന്, കാന ഉമ്മതൻ. ചില ആളുകളെപ്പറ്റി നാം പറയാറുണ്ട്; അവർ ഒരു പ്രസ്ഥാനമാണെന്ന്. എന്താണ് ഇതിന്റെ അർഥം? ഒരു പ്രസ്ഥാനത്തിനും സമൂഹത്തിനും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ കുറഞ്ഞ കാലം കൊണ്ട് സ്വയം ചെയ്തുതീർത്തവർ. ഇബ്രാഹീം നബി(അ)യുടെ ജീവിതം പരിശോധിച്ചാൽ ഇത് അക്ഷരംപ്രതി ശരിയായിരുന്നെന്ന് നമുക്ക് മനസ്സിലാക്കാം. പ്രവാചകൻമാരുടെ പൊതുദൗത്യമായ ദഅ്‌വത്തിനു പുറമെ നിരവധി സംഭാവനകൾ ഇബ്രാഹീം നബി(അ) ലോകസംസ്കാരത്തിന് സമർപ്പിച്ചിട്ടുണ്ട്. വൃത്തിയും വെടുപ്പുമാണല്ലോ നാഗരികതയുടെ ഊടും പാവും. ഈയർഥത്തിൽ മാനവചരിത്രത്തിലെ നാഗരികതയുടെ പിതാവ് എന്ന് ഇബ്രാഹീം നബി(അ)യെ വിശേഷിപ്പിക്കാം.

عـن ابـن عبـاس: { وَإِذِ ابْتَلَـى إِبْـرَاهِيمَ رَبُّـهُ بِكَلِمَـاتٍ } قـال: ابـتلاه الله بالطهـارة: خمـس فـي الـرأس، وخمـس فـي الجسـد؛ فـي الـرأس: قَـص الشـارب، والمضمضـة، والاستنشـاق، والسـواك، وفَـرْق الـرأس. وفـي الجسـد: تقلـيم الأظفـار، وحلـق العانـة، والختـان، ونَتْـف الإبـط، وغسـل أثـر الغـائط والبـول بالمـاء (ابـن كثيـر) عَـنْ عَائِشَـةَ قَالَـتْ قَـالَ رَسُـولُ اللَّـهِ –صـلى الله عليـه وسـلم– « عَشْـرٌ مِـنَ الْفِطْـرَةِ قَـصُّ الشَّـارِبِ وَإِعْفَـاءُ اللِّحْيَـةِ وَالسِّـوَاكُ وَاسْتِنْشَـاقُ الْمَـاءِ وَقَـصُّ الأَظْفَـارِ وَغَسْـلُ الْبَـرَاجِمِ وَنَتْـفُ الإِبْـطِ وَحَلْـقُ الْعَانَـةِ وَانْتِقَـاصُ الْمَـاءِ ». قَـالَ زَكَرِيَّـاءُ قَـالَ مُصْـعَبٌ وَنَسِيتُ الْعَاشِرَةَ إِلاَّ أَنْ تَكُونَ الْمَضْمَضَةَ. زَادَ قُتَيْبَةُ قَالَ وَكِيعٌ انْتِقَاصُ الْمَاءِ يَعْنِى الاِسْتِنْجَاءَ (مسلم)

ഇവ മാത്രമല്ല, നമ്മുടെ നിത്യജീവിതത്തിലെ പല കാര്യങ്ങളുടെയും പിതാവ് ഇബ്രാഹീം നബി(അ)യാണ്. വെറുതെയല്ല ഖുർആൻ അദ്ദേഹത്തെ *ഇമാമുല്ലിന്നാസ്* (ബഖറ 124) എന്ന് വിളിച്ചത്.

عَـنْ أَبِـي هُرَيْـرَةَ، أَنَّ النَّبِـيَّ صَـلَّى اللَّـهُ عَلَيْـهِ وَسَـلَّمَ قَـالَ: " إِنَّ إِبْـرَاهِيمَ أَوَّلُ مَـنْ أَضَـافَ الضَّـيْفَ، وَأَوَّلُ مَـنْ قَـصَّ الشَّـارِبَ، وَأَوَّلُ مَـنْ رَأَى الشَّـيْبَ، وَأَوَّلُ مَـنْ قَـصَّ الْأَظَـافِرَ (بيهقـي) عـن أنـس قـال : قـال رسـول الله صـلى الله عليـه و سـلم " أول مـن خضـب بالحنـاء والكـتم إبـراهيم عليـه السـلام " (الـديلمي) عـن تمـيم الـداري " أن رسـول الله صـلى الله عليـه و سـلم سـئل عـن معانقـة الرجـل الرجـل إذا لقيـه ؟ قـال : كانـت تحيـة الأمـم وفـي لفـظ كانـت تحيـة أهـل الإيمـان وخـالص ودهـم وأول مـن عـانق خليـل الـرحمن (الخطيـب فـي تاريخـه) وأخـرج

## ഇബ്രാഹീം നബി(അ)
## ഒരു ഖുർആനിക വായന

الديلمي عن نبيط بن شريط قال : قال رسول الله صلى الله عليه و سلم " أول من اتخذ الخبز المبلقس إبراهيم عليه السلام "

أول من خطب على المنبر إبراهيم عليه السلام و أول من رتب العسكر في الحرب ميمنة وميسرة وقلبا إبراهيم عليه السلام لما سار لقتال الذين أسروا لوطا عليه السلام وأول من عقد الألوية إبراهيم عليه السلام بلغه أن قوما أغاروا على لوط فسبوه فعقد لواء وسار إليهم بعبيده ومواليه حتى أدركهم فاستقذه وأهله وأول من ثرد الثريد و تسرول السراويل و هاجر قومه و راغم لله ابراهيم عليه السلام (الدر المنثور)

രണ്ട്, ഖാനിതൻ ലില്ലാഹി. അങ്ങേയറ്റം വണക്കം പ്രകടിപ്പിക്കുന്നവൻ, ഭക്തൻ, അനുസരിക്കുന്നവൻ, പ്രാർഥിക്കുന്നവൻ എന്നൊക്കെയാണ് ഖാനിത് അർഥമാക്കുന്നത്. ഇക്കാര്യത്തിൽ ഇബ്രാഹീം(അ) കാണിച്ച താൽപര്യം ഖുർആൻ വിശദീകരിക്കുന്നു:

إِذْ قَالَ لَهُ رَبُّهُ أَسْلِمْ قَالَ أَسْلَمْتُ لِرَبِّ الْعَالَمِينَ (البقرة)

അദ്ദേഹം നടത്തിയ നിരവധി പ്രാർഥനകൾ ഖുർആൻ എടുത്തുപറഞ്ഞിട്ടുണ്ട് (ബഖറ 126-129, ശുഅറാഅ് 83-89, സ്വാഫ്ഫാത്ത് 100). ദുആ ചെയ്യുമ്പോൾ സങ്കടത്തിന്റെ സൂചകശബ്ദമായ 'ആഹ്' ഇബ്റാഹീം നബി(അ) വർധിപ്പിച്ചിരുന്നു (തൗബ 114, ഹൂദ് 75).

بينما رسول الله صلى الله عليه وسلم جالس قال رجل: يا رسول الله، ما الأوّاه؟ قال: "المتضرع" (ابن كثير)

عَنْ عُقْبَةَ بْنِ عَامِرٍ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لِرَجُلٍ يُقَالُ لَهُ ذُو الْبِجَادَيْنِ إِنَّهُ أَوَّاهٌ وَذَلِكَ أَنَّهُ كَانَ كَثِيرَ الذِّكْرِ لِلَّهِ عَزَّ وَجَلَّ فِي الْقُرْآنِ وَيَرْفَعُ صَوْتَهُ فِي الدُّعَاءِ (احمد) وروي عن كعب الأحبار أنه قال: { إِنَّ إِبْرَاهِيمَ لأَوَّاهٌ } قال: كان إذا ذكر النار قال: "أوّه من النار".

പ്രാർഥിക്കാൻ പാടില്ലാത്ത പിതാവിന് വേണ്ടിപോലും അദ്ദേഹം അല്ലാഹു വിലക്കുന്നതു വരെ പ്രാർഥിച്ചുകൊണ്ടിരുന്നു (ഇബ്രാഹീം 41).

മൂന്ന്, ഹനീഫൻ. ഇവിടെ മാത്രമല്ല, നിരവധി ആയത്തുകളിൽ അല്ലാഹു ഇബ്രാഹീമി(അ)നെ ഹനീഫ് എന്ന് വിളിക്കുന്നുണ്ട് (ബഖറ 135, ആലുഇംറാൻ 67,95, നിസാഅ് 125, അൻആം 161). നാം വിശ്വാസികളെല്ലാവരും അങ്ങനെ ആവണമെന്നും അല്ലാഹു ആജ്ഞാപിക്കുന്നു (അൻആം 79, യൂനുസ് 105, റൂം 30). ഇതാണ് വജ്ജഹ്തുവിൽ നാം പ്രഖ്യാപിക്കുന്നത്. എന്താണ് ഹനീഫ്? ചായുക (*മൈൽ*) എന്ന അർഥത്തിലുള്ള ഹനഫിൽ നിന്നാണ് ഹനീഫ് ഉണ്ടായത്. അപ്പോൾ മറ്റു എല്ലാ ചിന്താഗതികളിൽ നിന്നും പ്രത്യയശാസ്ത്രങ്ങളിൽ നിന്നും ഇസ്‌ലാമിലേക്ക് സമ്പൂർണമായി ചാഞ്ഞവനാണ് ഹനീഫ്. *ഉദ്ഖുലൂ ഫിസ്സിൽമി കാഫത്തൻ* (ബഖറ 208) എന്നത് ഇതിന് വേണ്ടിയുള്ള ആഹ്വാനമാണ്. എന്നാൽ നാം നമ്മിലേക്ക് തന്നെ നോക്കിയാൽ മിക്കവരും അൽപവിശ്വാസികളാണെന്നു പറഞ്ഞാൽ തെറ്റില്ല. ചിലർ ആദ്ധ്യാത്മിക കാര്യങ്ങളിൽ ഏറെ ശ്രദ്ധിക്കുകയും സാമ്പത്തിക കാര്യങ്ങളിൽ പറ്റെ അശ്രദ്ധരാകുകയും ചെയ്യുന്നു. ചിലർ കുടുംബകാര്യങ്ങളിലോ സാമൂഹികകാര്യങ്ങളിലോ ഇസ്‌ലാം മാറ്റിവെക്കുന്നു. മറ്റു ചിലർക്ക് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധയുണ്ടെങ്കിലും ഇബാദത്തുകളിൽ ആലസ്യം കാണിക്കുന്നു. ഖുർആന്റെ മുന്നറിയിപ്പ് നാം അവഗണിക്കാതിരിക്കുക.

**HADIA CSE Khutba Notes (18.08.2017)**

## ഇബ്രാഹീം നബി(അ)
## ഒരു ഖുർആനിക വായന

**أَفَتُؤْمِنُونَ بِبَعْضِ الْكِتَابِ وَتَكْفُرُونَ بِبَعْضٍ فَمَا جَزَاءُ مَنْ يَفْعَلُ ذَلِكَ مِنْكُمْ إِلَّا خِزْيٌ فِي الْحَيَاةِ الدُّنْيَا وَيَوْمَ الْقِيَامَةِ يُرَدُّونَ إِلَى أَشَدِّ الْعَذَابِ وَمَا اللَّهُ بِغَافِلٍ عَمَّا تَعْمَلُونَ (البقرة)**

നാല്, വലം യകു മിനൽ മുശ്‌രികീൻ. ഇത് രണ്ട് അർഥത്തിലാവാം. ഒന്ന്, ജൂതൻമാരും ക്രിസ്ത്യാനികളും മക്കാ മുശ് രിക്കുകളും പറയുന്നത് പോലെ ഇബ്റാഹീം നബി(അ) ഒരു ബഹുദൈവ വിശ്വാസിയല്ല.

**مَا كَانَ إِبْرَاهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَكِنْ كَانَ حَنِيفًا مُسْلِمًا وَمَا كَانَ مِنَ الْمُشْرِكِينَ  إِنَّ أَوْلَى النَّاسِ بِإِبْرَاهِيمَ لَلَّذِينَ اتَّبَعُوهُ وَهَذَا النَّبِيُّ وَالَّذِينَ آمَنُوا وَاللَّهُ وَلِيُّ الْمُؤْمِنِينَ (ال عمران)**

മറ്റൊന്ന് ശിർക്കിന്റെ വലുതോ ചെറുതോ ആയ (ശിർക് ജലിയ്യ്, ശിർക് ഖഫിയ്യ്) യാതൊന്നും സ്പർശിക്കാത്ത കറകളഞ്ഞ ഏകദൈവവിശ്വാസിയായിരുന്നു ഇബ്രാഹീം(അ). ഇക്കാര്യത്തിൽ ഇൽമുൽ യഖീനിൽ നിന്ന് (ബഖറ 258) ഐനുൽ യഖീനിലേക്ക് സഞ്ചരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

**وَإِذْ قَالَ إِبْرَاهِيمُ رَبِّ أَرِنِي كَيْفَ تُحْيِي الْمَوْتَى قَالَ أَوَلَمْ تُؤْمِنْ قَالَ بَلَى وَلَكِنْ لِيَطْمَئِنَّ قَلْبِي قَالَ فَخُذْ أَرْبَعَةً مِنَ الطَّيْرِ فَصُرْهُنَّ إِلَيْكَ ثُمَّ اجْعَلْ عَلَى كُلِّ جَبَلٍ مِنْهُنَّ جُزْءًا ثُمَّ ادْعُهُنَّ يَأْتِينَكَ سَعْيًا وَاعْلَمْ أَنَّ اللَّهَ عَزِيزٌ حَكِيمٌ (بقرة)**

അവസാനം അല്ലാഹു ഇബ്രാഹീം നബി(അ)യെ ഖലീൽ എന്ന ആത്മമിത്രമാക്കി മാറ്റുകയും (നിസാഅ് 125. ഖലൽ = വിടവ്. ഖലീൽ = ശരീരത്തിലെ കോശങ്ങളിലെ ഓരോ വിടവുകളിലേക്കും തൗഹീദ് ഇറങ്ങിച്ചെന്നവൻ) നിരവധി അമാനുഷിക സംഭവങ്ങൾ കൊണ്ട് അനുഗ്രഹിക്കുകയും ചെയ്തു.

**قُلْنَا يَا نَارُ كُونِي بَرْدًا وَسَلَامًا عَلَى إِبْرَاهِيمَ (الانبياء) قال إبراهيم عليه السلام : ما كنتُ أيامًا قط أنعم مني من الأيام التي كنتُ فيها. وَكَذَلِكَ نُرِي إِبْرَاهِيمَ مَلَكُوتَ السَّمَاوَاتِ وَالْأَرْضِ وَلِيَكُونَ مِنَ الْمُوقِنِينَ (الانعام) وذلك أنه أقيم على صخر وكشف له عن السموات والأرض حتى العرش وأسفل الأرضين ونظر إلى مكانه في الجنة، فذلك قوله تعالى: "وآتيناه أجره في الدنيا" يعني: أريناه مكانه في الجنة. لما اري ابراهيم ملكوت السموات والأرض أبصر رجلا على فاحشة فدعا عليه فهلك، ثم أبصر آخر فدعا عليه فهلك، ثم أبصر آخر فأراد أن يدعو عليه فقال له الرب عز وجل: "يا إبراهيم إنك رجل مستجاب الدعوة، فلا تدعون على عبادي فإنما أنا من عبدي على ثلاث خصال إما أن يتوب فأتوب عليه، وإما أن أخرج منه نسمة تعبدني، وإما أن يبعث إلي فإن شئت عفوت عنه، وإن شئت عاقبته" (تفسير البغوي)**

ഒരു വലിയ മുവഹ്ഹിദിനെ ഇങ്ങനെ പ്രഖ്യാപിക്കാൻ സാധിക്കുകയുള്ളൂ.

**وذكر علماء التفسير في قصته أنهم لما رموه إلى النار لقيه جبريل فسأله: هل لك حاجة؟ فقال: أما إليك فلا وأما إلى الله فنعم. فقال له: لم لا تسأله؟ فقال: علمه بحالي كاف عن سؤالي.**

## ഇബ്രാഹീം നബി(അ)
## ഒരു ഖുർആനിക വായന

അഞ്ച്, ശാകിറൻ. *അൻഉം* (അനുഗ്രഹങ്ങൾ) എന്നത് ജംഉൽ ഖില്ലത്താണ്. അഥവാ, ഇബ്രാഹീം(അ) തനിക്ക് ലഭിച്ച ചെറിയ അനുഗ്രഹങ്ങൾക്ക് വരെ നന്ദി കാണിച്ചിരുന്നു. അല്ലാഹു ധാരാളം സമ്പത്ത് നൽകി ഇബ്രാഹീമി(അ)നെ അനുഗ്രഹിച്ചിട്ടുണ്ട്. ബൈബിളിലെ ചില പരാമർശം ശ്രദ്ധിക്കുക: അവൻ അബ്രഹാമിന് ആട്, മാട്, പൊന്ന്, വെള്ളി, ദാസീദാസൻമാർ, ഒട്ടകങ്ങൾ, കഴുതകൾ എന്നിവയൊക്കെയും കൊടുത്തിരുന്നു (ഉൽപത്തി 24: 35, 12:16). കന്നുകാലി, വെള്ളി, പൊന്ന് ഈ വകയിൽ അബ്രഹാം ബഹുസമ്പന്നനായിരുന്നു (ഉൽപത്തി 13:2) അതോടൊപ്പം പ്രസ്തുത അനുഗ്രഹങ്ങൾക്ക് അല്ലാഹുവിനോട് ഏറെ നന്ദി പ്രകാശിപ്പിച്ചിരുന്നു ഇബ്രാഹീം നബി(അ).

ആറ്, ഇജ്തബാഹു. അല്ലാഹു ഇബ്രാഹീമി(അ)നെ നുബുവ്വത്ത് നൽകി പ്രത്യേകം തെരഞ്ഞെടുക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. വെറുതെയല്ല, പരീക്ഷിച്ച് വിജയിച്ചതിന് ശേഷമാണ് അല്ലാഹു ഇങ്ങനെ ചെയ്തത്.

**وَإِذِ ابْتَلَى إِبْرَاهِيمَ رَبُّهُ بِكَلِمَاتٍ فَأَتَمَّهُنَّ قَالَ إِنِّي جَاعِلُكَ لِلنَّاسِ إِمَامًا قَالَ وَمِنْ ذُرِّيَّتِي قَالَ لَا يَنَالُ عَهْدِي الظَّالِمِينَ** (البقرة)

അതുകൊണ്ട് തിരുമേനി(സ്വ) കഴിഞ്ഞാൽ അടുത്ത സ്ഥാനം ഇബ്രാഹീമി(അ)നാണ്. അവിടന്ന് കഴിഞ്ഞാൽ (24000 തവണ) ജിബ്‌രീൽ(അ) ഏറ്റവും കൂടുതൽ സന്ദർശിച്ചതും ഇബ്രാഹീമിനെയാണ്(400 തവണ).

**عَنْ أَنَسٍ قَالَ قَالَ رَجُلٌ لِرَسُولِ اللَّهِ –صلى الله عليه وسلم– يَا خَيْرَ الْبَرِيَّةِ. فَقَالَ رَسُولُ اللَّهِ –صلى الله عليه وسلم– « ذَاكَ إِبْرَاهِيمُ »** (ابو داود)

നുബുവ്വത്ത് കിട്ടിയതിന് ശേഷം ഇബ്രാഹീം(അ) പിതാവിനും (മർയം 42–48) നാട്ടുകാർക്കും (ശുഅറാഅ് 70–82) ഭരണാധികാരിയായ നംറൂദിനും (ബഖറ 258) ഇടയിൽ നടത്തിയ ദഅ്വത്ത് ഖുർആൻ ഹൃദസ്പൃക്കായി വിശദീകരിക്കുന്നുണ്ട്.

ഏഴ്, വഹദാഹു. പൊതുനിയമമനുസരിച്ച് ഇബ്രാഹീമി(അ)നെപ്പോലെ ശിർക്ക് പ്രചാരം നേടിയ വീട്ടിലും നാട്ടിലും ഭരണകൂടത്തിലും വളർന്നുവലുതായ ഒരാൾ ഇങ്ങനെ ആവാൻ പാടില്ല. എന്നാൽ അദ്ദേഹത്തിന് അല്ലാഹു പ്രത്യേകം ഹിദായത്ത് നൽകുകയുണ്ടായി.

എട്ട്, അദ്ദേഹത്തിന് ഇഹലോകത്ത് വെച്ച് തന്നെ പ്രത്യേകം അംഗീകാരവും പേരും പെരുമയും അല്ലാഹു സമ്മാനിക്കുകയുണ്ടായി. ഇത് അല്ലാഹു സൽവൃത്തർക്ക് നൽകുന്ന പ്രത്യേക അനുഗ്രഹമാണ് (മർയം 50, ശറഹ് 4).

**إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ سَيَجْعَلُ لَهُمُ الرَّحْمَنُ وُدًّا** (مريم) **قال مجاهد: يحبهم الله ويحببهم إلى عباده المؤمنين. عن ابن عباس أيضًا: الود من المسلمين في الدنيا، والرزق الحسن، واللسان الصادق. أن هَرِم بن حَيَّان كان يقول: ما أقبل عبد بقلبه إلى الله إلا أقبل الله بقلوب المؤمنين إليه، حتى يرزقه مودتهم ورحمتهم.**

നോക്കൂ, ഇന്ന് മുസ്‌ലിംകളും ക്രിസ്ത്യാനികളും ജൂതൻമാരും ഇബ്രാഹീമി(അ)നെ ആദരിക്കുന്നു. അദ്ദേഹത്തിന്റെ സ്മാരകമായി നിരവധി അനുഷ്ഠാനങ്ങളും (ഹജ്ജ്, ഉള്ഹി

യുത്ത്) സൗധങ്ങളും (കഅ്ബ, മഖാമു ഇബ്റാഹീം) പ്രാർത്ഥനകളും (ഇബ്രാഹീമീ സ്വലാത്ത്) നിലനിൽക്കുന്നു.

ഒമ്പത്, ആഖിറത്തിലും ഇബ്രാഹീം നബി(അ) അനുഗ്രഹിക്കപ്പെടുന്നതാണ്. ഉദാഹരണത്തിന്,

عَنِ ابْنِ عَبَّاسٍ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ يُحْشَرُ النَّاسُ حُفَاةً عُرَاةً غُرْلًا فَأَوَّلُ مَنْ يُكْسَى إِبْرَاهِيمُ عَلَيْهِ السَّلَام ثُمَّ قَرَأَ { كَمَا بَدَأْنَا أَوَّلَ خَلْقٍ نُعِيدُهُ } (احمد)

ഇവയെല്ലാം എണ്ണിയെണ്ണിപ്പറഞ്ഞതിനുശേഷം അല്ലാഹുവിന് നൽകാനുള്ള നിർദേശമിതാണ് :

ثُمَّ أَوْحَيْنَا إِلَيْكَ أَنِ اتَّبِعْ مِلَّةَ إِبْرَاهِيمَ حَنِيفًا وَمَا كَانَ مِنَ الْمُشْرِكِينَ (النحل)

അത്കൊണ്ട് ഇബ്രാഹീമീ മില്ലത്ത് അനുധാവനം ചെയ്യാൻ ശ്രമിക്കലാണ് നമ്മുടെ ഉത്തരവാദിത്വം (ബഖറ 130, ആലുഇംറാൻ 95, നിസാഅ് 125). കാരണം നമ്മുടെ മാതൃക ഇന്ന് ലോകം ഹജ്ജിലൂടെയും മറ്റും അനുസ്മരിച്ച് കൊണ്ടിരിക്കുന്ന ഇബ്രാഹീമിലാണ്.

قَدْ كَانَتْ لَكُمْ أُسْوَةٌ حَسَنَةٌ فِي إِبْرَاهِيمَ وَالَّذِينَ مَعَهُ إِذْ قَالُوا لِقَوْمِهِمْ إِنَّا بُرَآءُ مِنْكُمْ وَمِمَّا تَعْبُدُونَ مِنْ دُونِ اللَّهِ كَفَرْنَا بِكُمْ وَبَدَا بَيْنَنَا وَبَيْنَكُمُ الْعَدَاوَةُ وَالْبَغْضَاءُ أَبَدًا حَتَّى تُؤْمِنُوا بِاللَّهِ وَحْدَهُ إِلَّا قَوْلَ إِبْرَاهِيمَ لِأَبِيهِ لَأَسْتَغْفِرَنَّ لَكَ وَمَا أَمْلِكُ لَكَ مِنَ اللَّهِ مِنْ شَيْءٍ رَبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ الْمَصِيرُ (الممتحنة)

ഖുതുബ നോട്ട്സ്

**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in, www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/